**File No. CT/15318/2019-P2**

# സംസ്ഥാന ചരക്ക്സേവന നികുതി വകുപ്പ്

**ടാക്സ് ടവർ, കരമന**

**കിള്ളിപ്പാലം, തിരുവനന്തപുരം**

**തീയതി: 26/11/2021**

## പത്രക്കുറിപ്പ്

## ജി.എസ്.റ്റി -3 ബി റിട്ടേണിലെ ലേറ്റ്ഫീ ഇളവുകൾ നവംമ്പർ 30 വരെ

തിരുവനന്തപുരം: കോവിഡ് പ്രതിസന്ധി കണക്കിലെടുത്ത് 2017 ജൂലൈ മുതൽ 2021 ഏപ്രിൽ വരെ സമർപ്പിക്കാൻ കുടിശ്ശികയുള്ള ജി.എസ്.റ്റി -3 ബി റിട്ടേണുകളിൽ പ്രഖ്യാപിച്ച ലെറ്റ്ഫീ ഇളവുകൾ നവംമ്പർ 30 ന് അവസാനിക്കും.

ജൂലൈ 2017 മുതൽ ഏപ്രിൽ 2021 വരെയുള്ള കാലയളവിലേക്ക് സമർപ്പിക്കാനുള്ള റിട്ടേണുകൾക്കാണ് ലേറ്റ്ഫീ ഇളവുകൾ പ്രഖ്യാപിച്ചിരിക്കുന്നത്. ഈ കാലയളവിൽ 'നിൽ' റിട്ടേൺ സമർപ്പിക്കേണ്ട നികുതിദായക്കർക്ക് ലേറ്റ് ഫീയായി പ്രതിമാസം പരമാവധി 500/- രൂപയും, നികുതി ബാധ്യതയുള്ളവർക്ക് പ്രതിമാസ ലേറ്റ് ഫീ പരമാവധി 1000/- രൂപയായുമാണ് കുറച്ചിരിക്കുന്നത്. ലേറ്റ്ഫീ കുടിശ്ശിക മൂലം റിട്ടേൺ സമർപ്പിക്കാൻ കഴിയാതിരുന്ന വ്യാപാരികൾക്ക് ഇളവ് സഹായകരമാകും.

ജി.എസ്.റ്റി-3ബി റിട്ടേൺ കുടിശ്ശികയുള്ള വ്യാപാരികൾ ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കമ്മിഷണർ അറിയിച്ചു.

Sd/-

COMMISSIONER